**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1709** **29-09-2025 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് ലഭിക്കുന്ന ഡിജിറ്റൽ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകർക്ക് കൃഷി വകുപ്പിന്റെ ഡിജിറ്റൽ സേവനങ്ങളും മറ്റ് സേവനങ്ങളും വേഗത്തിൽ ലഭ്യമാക്കുന്നതിനായി പ്രത്യേക സേവന കേന്ദ്രങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ കേന്ദ്രങ്ങളിലൂടെ ലക്ഷ്യമിടുന്ന മറ്റ് കാര്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ; | (എ) | കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഡിജിറ്റൽ സേവനങ്ങൾ കർഷകർക്ക് വേഗത്തിലും മുൻഗണനയിലും ലഭ്യമാക്കുവാൻ സാധിക്കുന്ന കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും "ആശ്രയ കേന്ദ്രം" എന്ന പേരിൽ കർഷക സേവന കേന്ദ്രങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പൈലറ്റ് അടിസ്ഥാനത്തിൽ ഒന്ന് വീതം ആശ്രയ കേന്ദ്രങ്ങൾ നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചു വരുന്നു.<br><br>ആശ്രയ കേന്ദ്രങ്ങളിലൂടെ ലക്ഷ്യമാക്കുന്ന സേവന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു<br><br>• കൃഷിയുമായി ബന്ധപ്പെട്ട എല്ലാ ഡിജിറ്റൽ സേവനങ്ങളും കർഷകർക്ക് ലഭ്യമാക്കുവാൻ സേവന കേന്ദ്രമായി പ്രവർത്തിച്ച് കർഷകരുടെ ഒരു 'വൺ സ്റ്റോപ്പ് ഡെസ്റ്റിനേഷൻ' ആയി നിലകൊള്ളുക.<br>• കർഷകർക്ക് ആവശ്യമായ ഡിജിറ്റൽ സേവനങ്ങൾ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കി സമയബന്ധിതമായും, കൃത്യതയോടും, കാര്യക്ഷമതയോടും കൂടി നൽകുക.<br>• കർഷകർക്ക് കൃഷിയിടത്തിൽതന്നെ ആവശ്യമായ ഡിജിറ്റൽ സേവനങ്ങൾ യഥാസമയം ലഭ്യമാക്കുക.<br>• കതിർ, AIMS, PM-KISAN തുടങ്ങിയ പ്ലാറ്റ്ഫോമുകളിലേക്കുള്ള രജിസ്ട്രേഷൻ/ സേവനങ്ങൾ, പ്രൊഫൈൽ പുതുക്കൽ, |

| | | | |
|---|---|---|---|
| | | | വിവിധ പദ്ധതികളിലേയ്ക്കുള്ള അപേക്ഷ സമർപ്പിക്കൽ, ഡിജിറ്റൽ സേവനങ്ങൾക്കുള്ള പിന്തുണ, പരാതി പരിഹാര സംവിധാനങ്ങൾ, ഫീഡ്ബാക്ക് ശേഖരണം എന്നിവ കൂടാതെ വിവിധ കാർഷിക വിഷയങ്ങളുമായി ബന്ധപ്പെട്ട പൊതുജന സേവന പോർട്ടലുകൾക്ക് പ്ലാറ്റ്ഫോമായി പ്രവർത്തിക്കുന്നു. |
| (ബി) | കൃഷി വകുപ്പിന്റെ സേവനങ്ങൾ മൊബൈൽ ആപ്ലിക്കേഷനായ കതിർ (കേരള അഗ്രികൾച്ചർ ടെക്നോളജി ഹബ് ആന്റ് ഇൻഫർമേഷൻ റെപ്പോസിറ്ററി) പോർട്ടലിലൂടെയും അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം പോർട്ടലിലൂടെയും കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കൃഷിവകുപ്പിന്റെ വിവിധ സേവനങ്ങൾ കേരളത്തിലെ കർഷകർക്ക് ഇപ്പോൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയും മൊബൈൽ ആപ്ലിക്കേഷനുകളിലൂടെയും ലഭ്യമാണ്. ഇതിനായി രണ്ടു പ്രധാന ഡിജിറ്റൽ സങ്കേതങ്ങളാണ് നിലവിലുള്ളത് – AIMS (Agriculture Information Management System), കതിർ (Kerala Agriculture Technology Hub and Information Repository-KATHIR) എന്നിവ. ഇവയ്ക്ക് രണ്ടിനും വെബ് പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാണ്.<br><br>**1.അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) പോർട്ടൽ**<br><br>കൃഷിവകുപ്പിന്റെ എല്ലാ പദ്ധതി അധിഷ്ഠിത സേവനങ്ങളും വേഗത്തിലും സുതാര്യമായും കാര്യക്ഷമമായും ഒരു സംവിധാനത്തിലൂടെ ഓൺലൈനായി പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ, കാർഷിക വികസന–കർഷക ക്ഷേമവകുപ്പ്, നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (NIC) സഹായത്തോടെ വികസിപ്പിച്ച പദ്ധതി അധിഷ്ഠിത ഏകജാലക സംവിധാനം (Single Window System) ആണ് AIMS പോർട്ടൽ. AIMS പ്രധാനമായും വകുപ്പിന്റെ പദ്ധതി സേവനങ്ങൾ (ആനുകൂല്യങ്ങൾ, നഷ്ടപരിഹാരം, DBT മുതലായവ) ആണ് നൽകുന്നത്.<br><br>2020 ഓഗസ്റ്റ് മുതൽ കർഷകർക്ക് AIMS-ൽ ഒറ്റത്തവണ രജിസ്ട്രേഷൻ സൗകര്യമുണ്ട്. രജിസ്ട്രേഷൻ പൂർത്തിയാക്കിയാൽ ഒരു സ്മാർട്ട് ഐഡി ലഭിക്കും. ഇതിലൂടെ വീണ്ടും വിവരങ്ങൾ നൽകാതെ, താഴെ പറഞ്ഞിരിക്കുന്ന സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷിക്കാം.<br><br>1. പ്രകൃതിക്ഷോഭ ദുരിതാശ്വാസ ആനുകൂല്യം<br>2. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി അംഗത്വം<br>3. സംസ്ഥാന വിള ഇൻഷ്വറൻസ് നഷ്ടപരിഹാരം |

4. നെൽവയൽ ഉടമകൾക്കുള്ള റോയൽറ്റി
5. പഴം–പച്ചക്കറി കൃഷിക്കുള്ള അടിസ്ഥാന വില

AIMS-നോടനുബന്ധിച്ച് ഒരു മൊബൈൽ ആപ്പ് ലഭ്യമാണ്. ഏകദേശം 50,000-ത്തിലധികം കർഷകർ നിലവിൽ ഇത് ഉപയോഗിച്ചുവരുന്നു.

23.09.2025 വരെ കർഷകർ 56,86,504 അപേക്ഷകൾ സമർപ്പിച്ചിക്കുകയും, അവയിൽ 56,13,634 അപേക്ഷകൾ പൂർണ്ണമായും ഓൺലൈനായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. 328.84 കോടി രൂപ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് DBT വഴി നേരിട്ട് എയിംസ് മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്.

**2.കതിർ (KATHIR) – കേരള അഗ്രികൾച്ചർ ടെക്നോളജി ഹബ് ആൻഡ് ഇൻഫർമേഷൻ റിപ്പോസിറ്ററി**

കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള അഗ്രി-സ്റ്റാക്ക് (Agri Stack) മാതൃകയിൽ കേരളത്തിന്റെ കാർഷിക മേഖലയ്ക്കും കർഷകർക്കും അനുയോജ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനുള്ള സമഗ്ര പദ്ധതിയായാണ് കതിർ (KATHIR) പദ്ധതി സംസ്ഥാനത്തു ആരംഭിച്ചിട്ടുള്ളത്. കാർഷിക മേഖലയിലെ അടിസ്ഥാന വിവരങ്ങളും, ഈ മേഖലയിലെ വിവിധ പ്രവർത്തനങ്ങളിലൂടെ ലഭ്യമാകുന്ന വിവരങ്ങളുടെയും ഒരു സമഗ്ര വിവര ശേഖരമാണ് 'കതിർ' വഴി ശേഖരിക്കപ്പെടുന്നത്. കർഷകർ ഉൾപ്പെടുന്ന വിവിധ ഗുണഭോക്താക്കൾക്കും, ഭാഗഭാക്കുകൾക്കും ഉപയുക്തമായ രീതിയിൽ, മേല്പറഞ്ഞ വിവരശേഖരം ഉപയോഗിച്ചുള്ള , നാനാവിധ സേവനങ്ങൾ 'കതിർ' വഴി നൽകുവാൻ കഴിയും.

കതിർ പ്ലാറ്റ്ഫോമിൽ വെബ് പോർട്ടലും, ദ്വിഭാഷാ (മലയാളം–ഇംഗ്ലീഷ്) മൊബൈൽ ആപ്പും കർഷകർക്കായി സൗകര്യപ്രദമായി രൂപകല്പന ചെയ്തിരിക്കുന്നു. 23.09.2025 വരെ 12,70,451 കർഷകർ 'കതിർ' ആപ്പിൽ രജിസ്റ്റർ ചെയ്യുകയും 96,112 പേർ മൊബൈൽ ആപ്പ് ഡൗൺലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**കതിർ മുഖേന ലഭ്യമാക്കുന്ന പ്രധാന സേവനങ്ങൾ**

1. **കർഷക ഐഡി കാർഡ്:** ഒരൊറ്റ ഏകീകൃത തിരിച്ചറിയൽ കാർഡ് എല്ലാ കർഷകർക്കും. ഭാവിയിൽ വിവിധ സേവനങ്ങൾ ഈ

തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് നൽകുന്നതിനുള്ള സൗകര്യം.

2. **വിവരശേഖരണവും ഡാറ്റാബേസും:** കർഷകരെയും കൃഷിയിടങ്ങളെയും സംബന്ധിച്ച ഏകീകൃത ഡാറ്റാബേസ്. ഇതിലൂടെ തത്സമയ വിവര ശേഖരണത്തിനും വിവിധ പദ്ധതികൾ ഈ കൃത്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്നതിനും മറ്റും ഉള്ള സൗകര്യം.
3. **കാർഷിക ഉപദേശ സേവനങ്ങൾ (Agro-Advisories):** വിളയുടെ ആദ്യാവസാനം വരെയുള്ള വിവിധ ഘട്ടങ്ങളിൽ കർഷകർക്ക് ഉപദേശങ്ങൾ നൽകുന്നു

മേൽപരാമർശിച്ചവയിൽ ഒന്നും രണ്ടും സേവനങ്ങൾ നിലവിൽ ലഭ്യമാണ്. മറ്റുള്ള സേവനങ്ങൾ വിവിധ ഘട്ടങ്ങളിലായി ആയി കർഷകർക്ക് ലഭ്യമാക്കുന്നതാണ്. മേല്പറഞ്ഞവയ്ക്ക് പുറമെ താഴേ പറഞ്ഞിരിക്കുന്ന വിവിധ സേവനങ്ങളും അവയുടെ വികസനം പൂർത്തീകരിക്കുന്ന മുറക്ക് കർഷകർക്ക് ലഭ്യമാക്കുന്നതാണ്.

1. **മണ്ണ് പരിശോധന:** മണ്ണ് പരിശോധന മുതൽ റിസൾട്ട് വരെ പൂർണ്ണമായും പേപ്പർ രഹിതം
2. **വിള ഡോക്ടർ:** കർഷകർക്കു അവരുടെ വിളയുമായി ബന്ധപ്പെട്ടു ഉണ്ടാകുന്ന കീട രോഗം, മൂലകങ്ങളുടെ കുറവ് , മറ്റു ബുദ്ധിമുട്ടുകൾ എല്ലാം വിള ഡോക്ടർ സംവിധാനത്തിലൂടെ പരിഹരിക്കുന്നതിനുള്ള സൗകര്യം.
3. **വിപണന സൗകര്യം:** കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ പരസ്യം ചെയ്യുന്നതിനും വാങ്ങാൻ ഉദ്ദേശിക്കുന്ന ചില്ലറ വില്പനക്കാർക്കും, മൊത്ത കച്ചവടക്കാർക്കും മറ്റും കർഷകരിൽ നിന്നും നേരിട്ടും കൂടാതെ ഉയർന്ന അളവിൽ ഒരു കേന്ദ്രീകൃത സംവിധാനം വഴിയും വാങ്ങുന്നതിനുള്ള സൗകര്യം.
4. **റിമോട്ട് സെൻസിങ്** സങ്കേതം ഉപയോഗിച്ചുകൊണ്ട് വിള വർഗ്ഗീകരണവും വിസ്തൃതി കണക്കാക്കലും, വിള ആരോഗ്യ നിരീക്ഷണം, മണ്ണിന്റെ ഈർപ്പാധിഷ്ഠിത ജലസേചനം, വിള നഷ്ട പ്രവചനവും വിലയിരുത്തലും.
5. **കാർഷിക യന്ത്രവത്കരണം -** കർഷകർക്ക് നേരിട്ട് ഓൺലൈൻ ആയി കാർഷിക സേവന ദാതാക്കൾ ആയ കാർഷിക

| | | | |
|---|---|---|---|
| | | | കർമസേന, അഗ്രോ സർവീസ് സെന്റർ, സേവന കൃഷിക്കൂട്ടം, കൃഷിശ്രീ സെന്ററുകൾ തുടങ്ങിവയിൽ അപേക്ഷ സമർപ്പിച്ച സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം<br>6. **നെൽകൃഷി ഉല്പാദന ബോണസ് (പദ്ധതി) -** കർഷകർക്ക് നേരിട്ട് സബ്സിഡി ആനുകൂല്യങ്ങൾക്കായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം<br>7. **ഉല്പാദനോപാധികളുടെ വിവരം ലഭ്യമാക്കൽ -** വളം കീടനാശിനി, വിത്ത് തൈകളുടെ ലഭ്യത കൃത്യമായി ആപ്പിലൂടെ ലഭ്യമാക്കുന്നതിനുള്ള സൗകര്യം<br>8. **കാർബൺ ഫാർമിംഗ് -** കാർഷിക മേഖലയിലെ കാർബൺ ബഹിർഗമനം കണക്കാക്കലും ഭൂമിയിൽ കാർബൺ സംഭരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സൗകര്യം. |
| (സി) | സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ, കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ എന്നിവയുടെ സേവനം ഡിജിറ്റൽ കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ? | (സി) | സേവനമേഖലയിലെ കൃഷിക്കൂട്ടങ്ങൾ, കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ തുടങ്ങിയവയ്ക്ക് കൃഷി വകുപ്പിന്റെ ഡിജിറ്റൽ സേവന കേന്ദ്രമായി പ്രവർത്തനം ആരംഭിക്കുന്ന ആശ്രയ കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുള്ളതാണ്.<br><br>കർഷകർക്ക് വേഗത്തിലും, മുൻഗണനയിലും സേവനം ലഭ്യമാക്കുന്ന ആശ്രയ കേന്ദ്രങ്ങളിലെ ചുമതലക്കാർക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനം കൃഷി ഡയറക്ടറേറ്റിലുള്ള ഐ ടി സെൽ മുഖാന്തിരം നൽകുന്നതാണ്. നിലവിലുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമായ KATHIR/AIMS പോർട്ടലിലൂടെ കർഷകർക്കാവശ്യമായ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള പരിശീലനം, പോർട്ടലുകളുടെ ഉപയോഗം, പോർട്ടലിൽ കൂട്ടിച്ചേർക്കുന്ന മോഡ്യൂളുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സാങ്കേതിക അറിവ് തുടങ്ങിയവയിൽ യഥാസമയം പരിശീലനം, തുടർ പരിശീലനം, പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പിന്തുണ ഉൾപ്പെടെയുള്ളവ ഐ ടി സെൽ നൽകുന്നതാണ്. പരിശീലന പരിപാടികൾ കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള പരിശീലന കേന്ദ്രമായ SAMETI സംഘടിപ്പിക്കുന്നതാണ്. പൈലറ്റ് പദ്ധതിയായി എല്ലാ ജില്ലകളിലും ഒരു ആശ്രയ കേന്ദ്രം ആരംഭിക്കുന്നതിനായി സംസ്ഥാനത്ത് 2025-26 സാമ്പത്തിക വർഷം 7.00 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ വിനിയോഗിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ